പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2928 **29-10-2026-ൽ മറുപടിയ്ക്ക്**

ദേശീയപാതകളുടെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയപാതകളുടെ വികസനമാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ;

മറുപടി: വിശദാംശങ്ങൾ അനുബന്ധം-എ (Annexure-A) ആയി ചേർത്തിരിക്കുന്നു.

(ബി) ദേശീയപാത നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: ദേശീയപാത 66 ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ ചെലവിന്റെ 25% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിലേക്ക് നാളിതുവരെ ആകെ ₹5580.74 കോടി സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

(സി) കൊല്ലം-തേനി ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മറുപടി: കേരള സംസ്ഥാനത്തിലെ കൊല്ലം - തേനി ദേശീയപാത (NH-183) കി.മീ 0+000 മുതൽ കി.മീ 215+450 വരെയുള്ള ഭാഗം 26.05.2026 തീയതിയിലെ ഗസറ്റ് വിജ്ഞാപനം നമ്പർ S.O. 2667(E) പ്രകാരം ദേശീയപാത അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. എന്നാൽ, സംസ്ഥാന പൊതുമരാമത്ത് വകുപ്പിൽ നിന്ന് ദേശീയപാത അതോറിറ്റിയ്ക്ക് ഈ ദേശീയപാത ഔദ്യോഗികമായി കൈമാറുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്.

കൂടാതെ കേരളത്തിലെ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ ദേശീയപാത-183-ലെ Km 4.200 (കൊല്ലം ബൈപാസ് ജംഗ്ഷൻ-കടവൂർ) മുതൽ Km 58.570 (അഞ്ചിലിമൂട്) വരെയുള്ള ഭാഗത്ത് EPC മാതൃകയിൽ 20 മീറ്റർ റൈറ്റ് ഓഫ് വേയിൽ (Right of Way) പേവ്ഡ് ഷോൾഡറുകളോട് കൂടിയ 4 വരി പാത നിർമ്മിക്കുന്നതിന് 1633.15 കോടി രൂപയുടെ അനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ചരക്ക് സേവന നികുതിയുടെ (GST) സംസ്ഥാന വിഹിതം തിരികെ നൽകണമെന്ന കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ (MoRTH) നിബന്ധന, ബാധകമായ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി, 18.09.2026 തീയതിയിലെ G.O(Rt) no.1088/2026/PWD പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട 3A നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഇ) ദേശീയപാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിൽ അടിപ്പാത നിർമ്മിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

മറുപടി: വിശദാംശങ്ങൾ അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു.

(എഫ്) ദേശീയപാതാ നിർമ്മാണത്തിന്റെ ഭാഗമായി ഹരിപ്പാട് ആർ.കെ. ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മറുപടി: ഹരിപ്പാട് കെ.എസ്.ആർ.ടി.സിക്ക് സമീപം Ch. 443+562 മുതൽ Ch. 443+806 വരെ 7 x 35m വിസ്തൃതിയുള്ള ഫ്ലൈഓവർ നിർമ്മിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർ.കെ ജംഗ്ഷൻ നിർദ്ദിഷ്ട ഭാഗത്തുനിന്നും 300 മീറ്റർ അകലെയാണ്. രണ്ട് വശങ്ങളിലെയും സർവീസ് റോഡുകൾ ഇരുവശത്തേക്കുമുള്ള ഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ പ്രവർത്തിക്കുകയും, സുഗമവും സുരക്ഷിതവുമായ ഗതാഗതം ഉറപ്പാക്കുന്നതിന് ഫ്ലൈഓവറിന് താഴെയായി അവ തമ്മിലുള്ള ബന്ധിപ്പിക്കൽ (connectivity) നൽകുകയും ചെയ്യും. അതിനാൽ, Ch. 444+100-ൽ ആർ.കെ ജംഗ്ഷനിൽ പുതിയ അണ്ടർപാസ് നിർമ്മിക്കുന്നത് സാങ്കേതികമായി സാധ്യമല്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ANNEXURE-A

Sr. No	Name of Project	Length (km)	Anticipated Completion date	Physical progress (%)
1.	6-laning of Chengala to Neeleshwaram on NH-66	37.27	31.03.2027	92.2
2.	6-laning of Neeleshwaram to Thalipparamba on NH-66	40.11	31.03.2027	87.8
3.	6-laning of Thalipparamba to Muzhapilangadu on NH-66	29.95	30.04.2028	83.8
4.	6-laning of Azhiyur to Vengalam on NH-66	40.8	31.03.2028	68.3
5.	Balance work of widening of 4 nos existing 2 Lane major Bridge of Six-laning of Kozhikode Bypass (Calicut Bypass) (i.e. Vengalam Jn. to Ramanattukara Jn.) section	1.89	30.12.2026	72.4
6.	6-laning of Kappirikkad-Thalikulam of NH-66	33.17	30.06.2027	95.9
7.	6-laning of Thalikulam-Kodungallur of NH-66	28.84	30.06.2027	95.3
8.	6-laning of Kodungallur- Edapally of NH-66	26.03	31.05.2027	71.5
9.	Construction of 6 lane Elevated Corridor from Aroor to Thuravoor Thekku section of NH 66	12.75	06.01.2027	92.3
10.	6 Laning of Thuravoor Thekku – Paravoor section of NH-66	38.39	31.05.2027	82.7
11.	6 laning of Paravoor to Kottukulangara section of NH 66	37.5	30.11.2027	77.3
12.	6 laning of Kottukulangara to start of Kollam bypass section of NH 66	31.5	30.12.2027	77.4
13.	6 laning of Start of Kollam Bypass to Kadambattukonam of NH-66	31.25	30.06.2027	96.5
14.	6 laning of Kadambattukonam to Kazhakuttom of NH-66	29.83	31.05.2027	76.6
15.	Rectification of 4 Nos. black spots/Accident Spots in Thiruvananthapuram Bypass section of NH-66	2.42	31.03.2027	42.4
16.	Rectification of 11 Nos. black spots/Accident Spots in the stretch of Walayar-Angamaly section of NH-544	12.07	28.02.2027	73.6
17.	Widening/Development of existing NH-85	124.63	31.03.2027	87.7
18.	Construction of an underpass at km 184.850, supply & installation of Street lighting, Construction of Service roads and other miscellaneous works in Thalassery Mahe bypass on NH 66	1.13	31.05.2027	65.5
19.	Rectification of 17 Nos blackspot from Walayar to Angamaly in NH-544	17.25	31.03.2028	5.6
	GRAND TOTAL	576.79 Km		

അനുബന്ധം-ബി (Annexure-B)

ദേശീയപാത വികസനം - ആലപ്പുഴ ജില്ലയിലെ നിർദ്ദിഷ്ട ഘടനകൾ

ആലപ്പുഴ ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള അണ്ടർപാസുകളുടെയും
ഫ്ലൈഓവറുകളുടെയും വിശദവിവരങ്ങൾ

വി.യു.പി (VUP)	എൽ.വി.യു.പി (LVUP)	എസ്.വി.യു.പി (SVUP)	പി.യു.പി (PUP)	ഫ്ലൈഓവറുകൾ	ആകെ ഘടനകൾ
8	**29**	**10**	**2**	**7**	**56**

1. വി.യു.പി (VUP - Vehicular Underpass) - 8 എണ്ണം

#	സ്ഥലം / ജംഗ്ഷൻ	ചെയിനേജ് (Chainage)	പ്രത്യേകതകൾ
1	മരാരിക്കുളം	Ch. 395+715	-
2	കൊമ്മാടി ജംഗ്ഷൻ	Ch. 408+270	-
3	കളർകോട് ജംഗ്ഷൻ	Ch. 414+804	-
4	തോട്ടപ്പള്ളി	Ch. 432+900	MJB cum VUP
5	ദാനപ്പാടി	Ch. 441+823	MNB cum VUP
6	കായംകുളം കെ.എസ്.ആർ.ടി.സി	Ch. 456+495	-
7	കായംകുളം കെ.എസ്.ആർ.ടി.സി	Ch. 456+520	-
8	ഓച്ചിറ	Ch. 460+765	-

2. എൽ.വി.യു.പി (LVUP - Light Vehicular Underpass) - 29 എണ്ണം

#	സ്ഥലം / ജംഗ്ഷൻ	ചെയിനേജ് (Chainage)
1	പട്ടണക്കാട്	Ch. 381+918

2	വയലാർ ജംഗ്ഷൻ	Ch. 384+080
3	തങ്കി	Ch. 386+299
4	ഒറ്റപ്പുന്ന ജംഗ്ഷൻ	Ch. 387+050
5	അർത്തുങ്കൽ ജംഗ്ഷൻ / കറുപ്പൻ കുളങ്ങര	Ch. 388+830
6 & 7	എ.എസ് കനാൽ പാലം / ചേർത്തല	Ch. 389+881 & Ch. 389+921
8	11-ാം മൈൽ	Ch. 392+691
9	തിരുവിഴ ജംഗ്ഷൻ	Ch. 394+651
10 & 11	എ.എസ് കനാൽ	Ch. 397+149 & Ch. 397+189
12	വളവനാട് ജംഗ്ഷൻ	Ch. 399+398
13	കലവൂർ ജംഗ്ഷൻ	Ch. 402+137
14	പാതിരപ്പള്ളി	Ch. 405+682
15	തുമ്പോളി	Ch. 407+500
16 & 17	കഞ്ഞിരംചിറ	Ch. 409+606 & Ch. 409+731
18	വടക്കൽ	Ch. 413+655
19	പരവൂർ	Ch. 416+700
20	പുന്നപ്ര	Ch. 418+678
21	കുറവന്തോട്	Ch. 420+110
22	വണ്ടാനം	Ch. 421+400
23	തോട്ടപ്പള്ളി	Ch. 432+490
24	കൽപകവാടി	Ch. 434+260
25	കരുവാറ്റ	Ch. 437+000

26	കെ.വി ജെട്ടി	Ch. 439+950
27	ദാനപ്പാടി	Ch. 441+680
28	കോട്ടുകുളങ്ങര	Ch. 453+520
29	കായംകുളം ഒ.എൻ.കെ ജംഗ്ഷൻ	Ch. 455+765

3. എസ്.വി.യു.പി (SVUP) - 10 എണ്ണം

#	സ്ഥലം / ജംഗ്ഷൻ	ചെയിനേജ് (Chainage)
1	വലിയ കലവൂർ ജംഗ്ഷൻ	Ch. 404+149
2	പൂങ്കാവ് ജംഗ്ഷൻ	Ch. 406+719
3	കാപ്പാക്കട	Ch. 417+628
4	പുറക്കാട്	Ch. 427+917
5	ഒറ്റപ്പന	Ch. 430+880
6	കടുവാക്കുളം	Ch. 438+623
7	എൻ.ടി.പി.സി	Ch. 447+750
8	രാമപുരം	Ch. 450+630
9	കെ.പി.സി ജം. കായംകുളം	Ch. 458+325
10	കൃഷ്ണപുരം	Ch. 459+425

4. പി.യു.പി (PUP - Pedestrian Underpass) - 2 എണ്ണം

#	സ്ഥലം	ചെയിനേജ് (Chainage)
1	കാക്കാഴം	Ch. 423+264
2	കാക്കാഴം	Ch. 423+758

5. ഫ്ലൈഓവറുകൾ (Flyovers) - 7 എണ്ണം

#	സ്ഥലം / ജംഗ്ഷൻ	ചെയിനേജ് (Chainage)
1	തുറവൂർ	Ch. 379+110
2	എക്സ്റേ ബൈപാസ് ജംഗ്ഷൻ	Ch. 390+581
3	കഞ്ഞിക്കുഴി ജംഗ്ഷൻ	Ch. 397+847
4	അമ്പലപ്പുഴ	Ch. 424+424
5	മാധവ ജംഗ്ഷൻ	Ch. 442+965
6	ഹരിപ്പാട്	Ch. 443+515
7	നങ്ങ്യാർകുളങ്ങര	Ch. 445+945

ആകെ ഘടനകൾ (Total Structures): 56 എണ്ണം (49 അണ്ടർപാസുകൾ + 7 ഫ്ലൈഓവറുകൾ)